"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വളം ലൈസൻസ് ഫീസ് ഇനങ്ങളിൽ കാലോചിതമായ വർദ്ധനവ് വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.1126/2024/AGRI തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:- 1. സ.ഉ (അച്ചടി) നം. 55/2024/ധന തീയതി 17.07.2024.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27.07.2024, 31.08.2024 തീയതികളിലെ ADFW/9125/2024-TF1 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും വരുമാന വർദ്ധനവിനുള്ള സാധ്യതകൾ പരിഗണിയ്ക്കുന്നതിന്റെ ഭാഗമായി ഓരോ വകുപ്പിലേയും ദീർഘകാലമായി പരിഷ്കരിക്കാത്ത നികുതിയേതര ഇനങ്ങളുടെ ഫീസുകൾ/ ചാർജുകൾ തുടങ്ങിയവ കാലാനുസൃതമായി വർദ്ധനവ് വരുത്താൻ അതാത് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വളം ലൈസൻസ് ഫീസ് ഇനങ്ങളിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വളം ലൈസൻസ് ഫീസ് ഇനത്തിൽ ചുവടെ ചേർക്കുന്നത് പ്രകാരം വർദ്ധനവ് വരുത്തി ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | | നിലവിലെ നിരക്ക് | നിലവിലെ നിരക്ക് പ്രാബല്യത്തിൽ വന്ന വർഷം | പുതുക്കാൻ ഉദ്ദേശിക്കുന്ന നിരക്ക് | ആരാണ് ഫീസ് അടയ്ക്കുന്നത് (കർഷകൻ/ വ്യക്തി/ കച്ചവട ഉദ്ദേശത്തോടു കൂടിയുള്ള മറ്റു സ്ഥാപനങ്ങൾ/ വ്യക്തികൾ) |
|---|---|---|---|---|---|---|
| | | പുതിയത് | 750 | 13-10-2014 | 10000 | കച്ചവട ഉദ്ദേശത്തോടു കൂടിയുള്ള |

| | | | | | | |
|---|---|---|---|---|---|---|
| 1 | വളം മിക്സിങ് ലൈസൻസ് | | | | | വ്യക്തികൾ |
| | | പുതുക്കുന്നതിന് | 750 | " | 5000 | " |
| | | ഡ്യൂപ്ലിക്കേറ്റിന് | 750 | " | 1000 | " |
| | | ഭേദഗതിക്ക് | 38 | " | 500 | " |
| | | ലേറ്റ് ഫീസ് | 100 | " | 1000 | " |
| 2 | വളം മൊത്തവ്യാപാര ലൈസൻസ് | പുതിയത് | 450 | " | 10000 | " |
| | | പുതുക്കുന്നതിന് | 450 | " | 5000 | " |
| | | ഡ്യൂപ്ലിക്കേറ്റിന് | 450 | " | 1000 | " |
| | | ഭേദഗതിക്ക് | 75 | " | 1000 | " |
| | | ലേറ്റ് ഫീസ് | 100 | " | 1000 | " |
| 3 | വളം ചില്ലറ വിൽപ്പന ലൈസൻസ് | പുതിയത് | 38 | " | 1000 | " |
| | | പുതുക്കുന്നതിന് | 38 | " | 500 | " |
| | | ഡ്യൂപ്ലിക്കേറ്റിന് | 38 | " | 100 | " |
| | | ഭേദഗതിക്ക് | 38 | " | 100 | " |
| | | ലേറ്റ് ഫീസ് | 100 | " | 250 | " |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള (ആഡിറ്റ്/ എ&ഇ), തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vineesh Kumar G
Date: 29-11-2024 14:31:37

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

കാർഷികോത്പാദന കമ്മീഷണറുടെ പിഎയ്ക്ക്